# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2559** **11.10.2011 ൽ മറുപടിക്ക്**

## റോഡുപണികളുടെ നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ.പാലോട് രവി<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത്‌വകുപ്പു മന്ത്രി) |
| (എ) റോഡുപണികളുടെ നിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;<br><br>(ബി) ഇതിനായി പ്രത്യേക പരിശോധനാ സംഘത്തെ നിയോഗിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) യും (ബി)യും. ദേശീയപാതാ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വരെയുള്ളവരുടെ മേൽ നോട്ടത്തിൽ ഇന്ത്യൻ റോഡ് കോൺഗ്രസ്സ് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് റോഡുപണികളുടെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിക്കുന്നത്. കൂടാതെ റോഡുപണികളുടെ ഗുണനിലവാരമുറപ്പാക്കാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനുകളും നിലവിലുണ്ട്. പ്രധാന റോഡുപണികൾക്ക് 3 വർഷത്തെ ഡിഫക്റ്റ് ലയബിലിറ്റി, കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽപ്പെടുത്തിയിരിക്കുന്നത് പണികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ ഉദ്ദേശിച്ചാണ്. റോഡ് നിർമ്മാണത്തിലെ പിഴവുകൾ കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും നിലവിൽ വ്യവസ്ഥയുണ്ട്. |
| (സി) ഇതിനായി എത്രരൂപ അനുവദിച്ചിട്ടുണ്ട്? | (സി)ഇതിനായി പ്രത്യേക വിഹിതമൊന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ